Circular No.1/Gen/2025

# ഓർത്തഡോക്സ് സിറിയൻ സൺഡേസ്കൂൾ അസോസിയേഷൻ


**ദേവലോകം, കോട്ടയം – 686 004**
**Ph. 04812572890**
**website: ossae.org, e-mail: dgossae@gmail.com**


## വിജ്ഞാപനം

സ്നേഹിതരെ,

പുതുവർഷത്തിന്റെ ആശംസകൾ എല്ലാവർക്കും നേരുന്നു. നമ്മുടെ സൺഡേസ്കൂളിന്റെ 2025 ലെ ക്ലാസ്സുകൾ ജനുവരി 5 ഞായറാഴ്ച ആരംഭിക്കുന്നു. അധ്യാപകയോഗം കൂടി പുതുവർഷ പ്രവർത്തനങ്ങളുടെ രൂപരേഖ തയ്യാറാക്കിക്കഴിഞ്ഞു എന്നു കരുതുന്നു. വിദ്യാർത്ഥികളുടെ പ്രവേശനോത്സവം പതിവുപോലെ നടത്തേണ്ടതാണ്.

കുട്ടികളും അധ്യാപകരും അറിഞ്ഞിരിക്കേണ്ട 2025 ലെ വാർഷിക പ്രവർത്തന രൂപരേഖ ശ്രദ്ധിക്കുക.

### ജീവകാരുണ്യദിനം – ജനുവരി 19

സൺഡേസ്കൂൾ പ്രസ്ഥാനത്തിന്റെ ഭാഗമായി അധ്യാപകർക്കും വിദ്യാർത്ഥികൾക്കും പഠനം/ചികിത്സാ ആവശ്യങ്ങൾക്കായുള്ള ജീവകാരുണ്യ പദ്ധതികളുടെ (കിരൺ/തണൽ/റിവോൾവിങ് സ്കോളർഷിപ്പ്) ധനശേഖരണാർത്ഥം നടത്തുന്ന ജീവകാരുണ്യദിനം ജനുവരി 19 ഞായറാഴ്ച നടത്തുന്നതാണ്. മാർച്ച് മാസത്തിനു മുമ്പായി ജീവകാരുണ്യ തുക കേന്ദ്ര ഓഫീസിൽ ലഭിക്കുവാനുള്ള ക്രമീകരണങ്ങൾ നടത്തണം. അനേകർക്ക് പ്രയോജനപ്പെടുന്ന ഈ പദ്ധതി വിജയിപ്പിക്കുവാൻ യൂണിറ്റ് തലത്തിൽ എല്ലാ ക്രമീകരണങ്ങളും ചെയ്യുമല്ലോ.

### സൺഡേസ്കൂൾ പുതിയ ക്ലാസ്സിലേക്കുള്ള പ്രവേശനം

OSSAE ഭരണഘടന 109/110 ഖണ്ഡികകളിൽ വിവരിക്കുന്ന എല്ലാ റെക്കാർഡുകളും പ്രധാന അധ്യാപകൻ/അധ്യാപിക സൂക്ഷിക്കുകയും ഇടവക വികാരി ഉൾപ്പെടെ OSSAE യുടെ ഉത്തരവാദിത്തപ്പെട്ടവർ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്.

അഡ്മിഷൻ നൽകുമ്പോൾ സെക്കുലർ ക്ലാസ്സിൽ കുട്ടി പഠിക്കുന്നതിലും ഒരു ക്ലാസ് മുകളിൽ സൺഡേസ്കൂളിൽ അഡ്മിഷൻ നൽകുവാൻ ശ്രദ്ധിക്കണം. ജൂൺ മാസത്തിൽ സെക്കുലർ ക്ലാസ്സിൽ ഒന്നാം ക്ലാസ്സിൽ ചേർക്കുന്ന കുട്ടിയെ അതേ വർഷം ജനുവരിയിൽ ത്തന്നെ സൺഡേസ്കൂളിൽ ഒന്നാം ക്ലാസ്സിൽ ചേർക്കണം. ഇതുപോലെ എല്ലാ ക്ലാസ്സുകളിലും അഡ്മിഷൻ നടത്തണം.

Students' admission register, അധ്യാപക രജിസ്റ്റർ എന്നിവ കൃത്യമായി എഴുതി സൂക്ഷിക്കണം. ഡിസ്ട്രിക്റ്റ്, ഭദ്രാസന, കേന്ദ്രഭാരവാഹികളായി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളവരുടെ പേരുകൾ അധ്യാപക രജിസ്റ്ററിൽ ഉണ്ടായിരിക്കണം. പുതിയ ഭാരവാഹികളുടെ തെരഞ്ഞെടുപ്പിനുള്ള നടപടികൾ പുരോഗമിക്കുന്നു.

### സൺഡേസ്കൂൾ പ്രതിഭാമത്സരം

2/24-ാം നമ്പർ സർക്കുലറിൽ അറിയിച്ചിരുന്നതനുസരിച്ച് സൺഡേസ്കൂൾ വാഗ്മിതിലകം, ഗാനസുഗന്ധി എന്നീ പ്രതിഭകളെ തെരഞ്ഞെടുക്കുവാനുള്ള കേന്ദ്രതല പ്രതിഭാമത്സരങ്ങൾ 2025 ജനുവരി 11 ന് ശനിയാഴ്ച ദേവലോകം സൺഡേസ്കൂൾ കേന്ദ്ര ഓഫീസിൽവച്ചു നടത്തുതാണ്. മത്സരങ്ങൾ രാവിലെ 10 മണിക്ക് ആരംഭിക്കും. സോണൽ തലത്തിൽ സീനിയർ വിഭാഗത്തിൽ പ്രസംഗം, സംഗീതം എന്നീ ഇനങ്ങളിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ നേടുന്നവർക്ക് പ്രതിഭാ മത്സരങ്ങൾക്കു പങ്കെടുക്കാം. സൺഡേസ്കൂൾ വിജ്ഞാനി, പ്രവീൺ, വേദവചനഭൂഷൺ എന്നീ സ്ഥാനങ്ങളിലേക്ക് പ്രത്യേക മത്സരം കേന്ദ്രതലത്തിൽ ഉണ്ടായിരിക്കുന്നതല്ല. നവംബർ 9-ാം തീയതി നടത്തിയ സോണൽതല

മത്സരങ്ങളിൽ ഏറ്റവും ഉയർന്ന സ്കോർ നേടിയ മത്സരാർത്ഥികളെ വിജ്ഞാനി, പ്രവീൺ, വചനഭൂഷൺ എന്നീ സ്ഥാനങ്ങളിൽ തദവസരത്തിൽ പ്രതിഭകളായി പ്രഖ്യാപിക്കുന്നതാണ്. ഒരിക്കൽ പ്രതിഭാസ്ഥാനം നേടിയവർക്ക് വീണ്ടും ആ ഇനത്തിൽ സ്കൂൾതലം മുതൽതന്നെ മത്സരിക്കാൻ അനുവാദം ഉണ്ടായിരിക്കുന്നതല്ല. മത്സരാർത്ഥികൾ കൃത്യസമയത്ത് ദേവലോകത്ത് എത്തിച്ചേരണം. പങ്കെടുക്കുന്നവർ ഇടവക വികാരി സാക്ഷ്യപ്പെടുത്തിയ ഫോട്ടോ പതിച്ച ഒരു identification letter കൊണ്ടുവരേണ്ടതാണ്.

## OGOSS

വിദേശരാജ്യങ്ങളിൽ സൺഡേസ്കൂൾ പഠനത്തിനു സാഹചര്യം ലഭിക്കാത്ത വിദ്യാർത്ഥികൾക്ക് ഓൺലൈൻ ആയി സൺഡേസ്കൂൾ പഠിക്കുവാൻ OSSAE ചെയ്തിട്ടുള്ള ക്രമീകരണമാണ് Online Global Orthodox Sunday School. ഏതെങ്കിലും ഇടവകയിൽ നിന്നും വിദേശത്തുള്ള വിദ്യാർത്ഥികൾക്ക് സൺഡേസ്കൂൾ പഠിക്കുവാൻ സാഹചര്യം ഇല്ലെന്നറിഞ്ഞാൽ 965-69905111 (Help desk OGOSS) നമ്പറിലേക്ക് വിളിച്ചാൽ, ആവശ്യമായ നിർദ്ദേശങ്ങൾ ലഭിക്കുന്നതാണ്.

## The Sunday School

2024 ഡിസംബർ വരെയുള്ള 'ദ സൺഡേസ്കൂളി'ന്റെ ലക്കങ്ങൾ എല്ലാ ഭദ്രാസന ഡയറക്ടർമാരുടെ കൈവശവും എത്തിച്ചിട്ടുണ്ട്. എല്ലാ യൂണിറ്റുകൾക്കുമുള്ള ഒരു സൗജന്യ കോപ്പിയും അതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. പുതുവർഷത്തേക്ക് Rs. 80/- (തപാലിൽ വേണ്ടവർക്ക് Rs. 100/-) നൽകി എല്ലാ അധ്യാപകരും കഴിവുള്ള വിദ്യാർത്ഥികളും മാസിക Subscribe ചെയ്യുവാൻ ശ്രദ്ധിക്കണം.

## ഡയറി

2025 ലെ ഡയറി എല്ലാ അധ്യാപകർക്കും ലഭിക്കത്തക്കവിധം നവംബർ 9 ന് എല്ലാ ഡയറക്ടർമാരെയും ഏല്പിച്ചിട്ടുണ്ട്.

## Class XII പ്രൈവറ്റ് പരീക്ഷ

കേരളത്തിനുള്ളിൽ പന്ത്രണ്ടാം ക്ലാസ് പ്രൈവറ്റായി പഠിക്കുന്നവർക്കുള്ള പരീക്ഷ 2025 മെയ് 25 ഞായറാഴ്ച നടത്തുന്നതാണ്. ഓൺലൈൻ രജിസ്ട്രേഷൻ 2025 ഏപ്രിൽ 1 നും 30 നും ഇടയ്ക്ക് ossaebodhanam വെബ്സൈറ്റിൽ ലഭിക്കുന്ന ലിങ്കിലൂടെ നിർവഹിക്കാവുന്നതാണ്. പരീക്ഷാരീതിയും മറ്റു നിബന്ധനകളും മുൻ വർഷത്തേതുതന്നെ ആയിരിക്കും. പ്രോജക്ടും ഓറിയന്റേഷൻ റിപ്പോർട്ടും 2025 ഏപ്രിൽ 15 നു മുമ്പ് കേന്ദ്ര ഓഫീസിൽ ഡയറക്ടർ മുഖേന എത്തിക്കണം.

## കേന്ദ്ര ഓഫീസിൽ അടയ്ക്കേണ്ട തുകകൾ

2024 ലെ സൺഡേസ്കൂൾ ദിന കാണിക്ക, കവർ കളക്ഷൻ, പരീക്ഷാ ഫീസ്, ജീവകാരുണ്യ കവർ പിരിവ് എന്നിവ ഇതുവരെ കേന്ദ്ര ഓഫീസിൽ അടയ്ക്കാത്തവർ ഫെബ്രുവരി 4 നു മുമ്പ് നിർബന്ധമായും അടച്ചിരിക്കണം. OSSAE യുടെ മുൻ പതിവനുസരിച്ച് പ്രസ്തുത തുകകൾ അടയ്ക്കാത്തവർക്ക് അർദ്ധവാർഷിക, വാർഷിക ചോദ്യപേപ്പറുകൾ ലഭിക്കുന്നതിന് തടസ്സം ഉണ്ടാകും എന്നത് ശ്രദ്ധിക്കുമല്ലോ.

**അക്കൗണ്ട് നമ്പർ:** Bank: SBI, Branch: Devalokam. **കാണിക്ക, കവർ പിരിവ്, പരീക്ഷാ ഫീസ്:** A/c No. 57017053258. **ജീവകാരുണ്യം:** A/c No. 57017053485. **സൺഡേസ്കൂൾ മാസിക:** A/c No. 57017053779, IFSE: SBIN0070820 **ബാങ്കിൽ തുക അടച്ചതിനു ശേഷം details കേന്ദ്ര ഓഫീസ് സെക്രട്ടറിയെ** (9447094766) **നിർബന്ധമായും അറിയിച്ചിരിക്കണം.**

സൺഡേസ്കൂൾ പ്രവർത്തനങ്ങളിൽ പങ്കാളികൾ ആകുന്നതിലൂടെ ഓരോ പ്രവർത്തകനും ദൈവരാജ്യത്തിന്റെ സുവിശേഷ പ്രവർത്തനം നിർവ്വഹിക്കുന്നു. നിറപടിയായി ഈ ദൈവീക ശുശ്രൂഷ നിർവ്വഹിക്കുവാൻ ദൈവം നമ്മെ ശക്തീകരിക്കട്ടെ.

## പരീക്ഷാ പരിഷ്കരണം

എഴുത്തുപരീക്ഷയുടെ ആവശ്യകത അധ്യാപകരും മാതാപിതാക്കളും നിർദ്ദേശിച്ചതനുസരിച്ച്, 2024 ഡിസംബർ 14 നു നടന്ന എക്സിക്യൂട്ടീവ് കമ്മിറ്റി പരീക്ഷകൾ പുനഃക്രമീകരിക്കുന്നു. കുട്ടികൾക്ക് ലഭിക്കുന്ന മികച്ച പരിശീലനത്തിന്റെ അടിസ്ഥാനത്തിൽ MCQ പാറ്റേണിൽ കേന്ദ്രതല പരീക്ഷ നിലനിർത്തുകയും ചെയ്യുന്നു. പുനഃക്രമീകരണങ്ങൾ ചുവടെ ചേർക്കുന്നു.

1. **1 മുതൽ 4 വരെയുള്ള ക്ലാസ്സുകളിൽ പരീക്ഷാരീതികളിൽ യാതൊരു മാറ്റവുമില്ല.**
2. **5 മുതൽ 9 വരെയുള്ള ക്ലാസ്സുകളിൽ അർദ്ധവാർഷിക പരീക്ഷയുടെ മാർക്കു കൂടി പരിഗണിച്ചാണ് പ്രൊമോഷൻ തീരുമാനിക്കുന്നത്.** അർദ്ധവാർഷിക പരീക്ഷ **ഓഫ്ലൈനായും വാർഷിക പരീക്ഷ ഓൺലൈനായുമാണ് നടക്കുന്നത്.** രണ്ടിനും ചോദ്യങ്ങൾ കേന്ദ്രത്തിൽനിന്നും നൽകും. അർദ്ധവാർഷിക പരീക്ഷയിൽ ഉത്തരങ്ങൾ കുട്ടികൾ പേപ്പറിൽ എഴുതുകയും അധ്യാപകർ മൂല്യനിർണയം നടത്തുകയും വേണം. 50 മാർക്കിന്റെ പരീക്ഷയിൽ വിദ്യാർത്ഥിക്കു ലഭിക്കുന്ന മാർക്കിന്റെ പകുതി ഓൺലൈൻ ആയി നടത്തുന്ന 75 മാർക്കിന്റെ വാർഷിക പരീക്ഷയോടൊപ്പം കൂട്ടിയാണ് ക്ലാസ്സിലെ ഗ്രേഡ് നിശ്ചയിക്കേണ്ടത്. **ആകെ മാർക്കിന്റെ 25% അർദ്ധവാർഷിക പരീക്ഷയുടെ മാർക്കും 75% വാർഷിക ഓൺലൈൻ പരീക്ഷയുടെ മാർക്കും കൂടി കൂട്ടി ഗ്രേഡ് നിശ്ചയിക്കുന്നു എന്നതാണ് അടിസ്ഥാന തത്വം.**

   eg. അർദ്ധവാർഷിക പരീക്ഷയ്ക്ക് 40/50 മാർക്കും വാർഷിക ഓൺലൈൻ പരീക്ഷയ്ക്ക് 50/75 മാർക്കും കിട്ടുന്ന ഒരു കുട്ടി ആണെങ്കിൽ ആ കുട്ടിയുടെ ആകെ മാർക്ക് 20 + 50 = 70 ആയിരിക്കും. 70/100. അതനുസരിച്ച് ഗ്രേഡ് നിശ്ചയിക്കണം. അതായത്, B ഗ്രേഡ് ആയിരിക്കും കുട്ടിക്ക് ലഭിക്കുന്നത്.
3. **10, 11, 12 ക്ലാസ്സുകൾ:** ഈ ക്ലാസ്സുകളിലും മേൽപറഞ്ഞ അടിസ്ഥാന തത്വം തന്നെയാണ് പ്രാവർത്തികമാക്കുന്നത്. **വാർഷിക പരീക്ഷയ്ക്ക് വിദ്യാർത്ഥികളുടെ പേര് രജിസ്റ്റർ ചെയ്യുമ്പോൾ മുൻ പാരഗ്രാഫിൽ പറഞ്ഞപ്രകാരം നടത്തുന്ന അർദ്ധവാർഷിക പരീക്ഷയ്ക്കു ലഭിച്ച മാർക്കു കൂടി ഉൾപ്പെടുത്തേണ്ടതാണ്.** പ്രസ്തുത മാർക്കിന്റെ പകുതി മാർക്കു കൂടി വാർഷിക ഓൺലൈൻ പരീക്ഷയുടെ മാർക്കിന്റെ ഒപ്പം (75 Mark) കൂട്ടി ഗ്രേഡ് നിശ്ചയിക്കുന്നതാണ്. 11, 12 ക്ലാസ്സുകളിലെ മാർക്കുകൾ ഒരുമിച്ചു കൂട്ടി വേദപ്രവീൺ ഡിപ്ലോമാ പരീക്ഷയുടെ ഗ്രേഡ് നിശ്ചയിക്കുന്നതുകൊണ്ട് ആകെ മാർക്ക് 200 ആയിരിക്കും. **പ്രോജക്ട്, ഓറിയന്റേഷൻ റിപ്പോർട്ട് എന്നിവയുടെ മൂല്യനിർണയം നിർത്തലാക്കിയിരിക്കുന്നു.**
4. **2025 ലെ വേദപ്രവീൺ ഡിപ്ലോമായ്ക്കുവേണ്ടിയുള്ള താൽക്കാലിക ക്രമീകരണം.**

   2025 ൽ പന്ത്രണ്ടാം ക്ലാസ് പരീക്ഷ എഴുതുന്നവരുടെ 40 മാർക്കിന്റെ 11-ാം ക്ലാസ് പരീക്ഷ നടന്നുകഴിഞ്ഞു എന്നുള്ളതുകൊണ്ട് 12-ാം ക്ലാസിൽ നടക്കുന്ന 60 മാർക്കിന്റെ അർദ്ധവാർഷിക പരീക്ഷയുടെ പകുതിയും 90 മാർക്കിന്റെ വാർഷിക ഓൺലൈൻ പരീക്ഷയുടെ മാർക്കും പതിനൊന്നാം ക്ലാസ്സിലെ പരീക്ഷ 80 ൽ ആക്കി പ്രസ്തുത മാർക്കും കൂടി കൂട്ടി ഗ്രേഡ് നിശ്ചയിക്കുന്നതാണ്. അതായത്, 11-ാം ക്ലാസ്സിൽ 80 മാർക്ക്; 12-ാം ക്ലാസ്സിൽ കേന്ദ്ര ഓൺലൈൻ 90 മാർക്ക്; അർദ്ധവാർഷിക ഓഫ്ലൈൻ 30 മാർക്ക്. ആകെ 200 മാർക്ക്. പ്രോജക്ടിനും ഓറിയന്റേഷനും മൂല്യനിർണയം ഇല്ല. പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യുമ്പോൾ 12-ാം ക്ലാസ്സിലെ അർദ്ധവാർഷിക പരീക്ഷയുടെ മാർക്കുകൂടി നിർദ്ദിഷ്ടകോളത്തിൽ ചേർക്കണം.

സ്നേഹപൂർവ്വം

01-01-2025
ദേവലോകം

**വർഗീസ് വർഗീസ് അച്ചൻ**
ഡയറക്ടർ ജനറൽ